## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4740** **26/06/2019-ൽ മറുപടിയ്ക്ക്**

## പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുകളിലെ കശുമാവ് കൃഷി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്.** | | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **എ)** | പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർകോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലെ എസ്റ്റേറ്റുകളിൽ കശുമാവ് കൃഷി ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | **എ)** | ഉണ്ട്. |
| **ബി)** | ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | **ബി)** | കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന RKVY പദ്ധതിക്ക് കീഴിൽ വരുന്ന "Area Expansion of Cashew" എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കി വരുന്നത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ തോട്ടങ്ങളിലായുള്ള 700 ഹെക്ടർ കശുമാവ് കൃഷി കൂടാതെ കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ കൃഷിക്കാർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. |

ഈ പദ്ധതി മുഖേന മേൽപ്പറഞ്ഞ മൂന്ന് ജില്ലകളിലുള്ള കർഷകരെയും ഉൾപ്പെടുത്തി 4500 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനം നടത്താനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ അടങ്കൽ തുക 10 കോടി രൂപയാണ്. ഇതിനു ആവശ്യമായ 10 ലക്ഷം അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റിംഗ് തൈകളാണ് തയ്യാറാക്കി കൊണ്ടിരിക്കുന്നത്. പദ്ധതി പുരോഗമിക്കുന്ന അവസ്ഥയിലാണ്. ഇതിനകം ചെലവഴിച്ചിരിക്കുന്ന തുക ഏകദേശം 34,11,073 രൂപയാണ്.

**സെക്ഷൻ ഓഫീസർ**